പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **834** 30/06/2011 ൽ മറുപടിയ്ക്ക്

റാന്നി വനഭൂമി സ്വകാര്യ ഭൂമിയെന്ന റിപ്പോർട്ട് നൽകിയതിനെതിരെ നടപടി

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. കെ. രാജു എബ്രഹാം: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റാന്നി വനഡിവിഷനിൽപ്പെടുന്ന മല്ലപ്പള്ളി താലൂക്കിലെ പെരുമ്പട്ടി വില്ലേജിലെ 1592.5 ഏക്കർ വനഭൂമിയിൽപ്പെടുന്ന 80 ഏക്കർ വസ്തു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലാണ് എന്ന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് എന്നാണ് റിപ്പോർട്ട് നൽകിയത്; പ്രസ്തുത റിപ്പോർട്ട് ആരാണ് നൽകിയത്; റിപ്പോർട്ട് നൽകാനിടയായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) | 20/04/2010 ൽ മുൻ മല്ലപ്പള്ളി തഹസീൽദാരായിരുന്ന ശ്രീ. കെ. പി. ശശിധരൻ നായരാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ശ്രീമതി. രാജമ്മ മുതൽപേരുടെ അപേക്ഷയിൽ സർക്കാരിൽ നിന്നും 45125/ഇ3/2008/ആർ.ഡി നമ്പരായി 01/10/2009 ൽ റിപ്പോർട്ട് ആവശ്യപ്പെട്ടതനുസരിച്ച് പത്തനംതിട്ട ജില്ലാ കളക്ടർ നൽകിയ നിർദ്ദേശത്തെ തുടർന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്. |
| (ബി) ഇതേക്കുറിച്ച് അന്വേഷിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; അന്വേഷണ റിപ്പോർട്ടിലെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; എന്ത് നടപടിയാണ് റിപ്പോർട്ടിൽ ഇവർക്കെതിരെ ശുപാർശ ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറായിരുന്ന ശ്രീ. പി. ജെ. തോമസിനെയാണ് ഇതേക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയിരുന്നത്. കക്ഷികളുടെ അവകാശ വാദം അംഗീകരിക്കാൻ സാധിക്കുകയില്ല എന്നും അതനുസരിച്ച് മല്ലപ്പള്ളി തഹസീൽദാർ കേസ് തീർപ്പാക്കുവാനും സർക്കാർ നിർദ്ദേശിച്ചിരുന്നു എങ്കിലും അതിന് വിരുദ്ധമായി തഹസീൽദാർ താലൂക്ക് സർവെയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടതായും അതിൻപ്രകാരം നിക്ഷിപ്ത വനഭൂമിയായി സർക്കാർ പ്രഖ്യാപിച്ച സർക്കാർ ഭൂമിയിൽ 80.69 ഏക്കർ സ്വകാര്യ വ്യക്തികൾക്ക് അവകാശമുണ്ടെന്ന തെറ്റിദ്ധാരണ ജനിപ്പിക്കുന്ന തരത്തിൽ താലൂക്ക് സർവെയർ റിപ്പോർട്ട് ചെയ്തതായും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ടി ഉദ്യോഗസ്ഥർക്കെതിരെ നടപടികളൊന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടില്ല. |
| (സി) ഇത്തരത്തിൽ തെറ്റായ റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥർ ആരൊക്കെയാണ് എന്ന് വ്യക്തമാക്കുമോ; ഇവർക്കെതിരെ | (സി) | മുൻ മല്ലപ്പള്ളി താലൂക്ക് സർവെയർ ശ്രീ. എം. കെ. മുരളീധരൻ ഉണ്ണിത്താന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ മല്ലപ്പള്ളി തഹസീൽദാർ ശ്രീ. കെ. പി. ശശിധരൻ നായരാണ് |

| | | | |
|---|---|---|---|
| | എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത്; | | ജില്ലാകളക്ടർക്ക് റിപ്പോർട്ട് നൽകിയത്. ടി ഉദ്യോഗസ്ഥന്മാരെ 16/09/2010 ലെ ജി.ഒ. (ആർ. റ്റി) നമ്പർ 4490/2010/റവന്യൂ പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. |
| (ഡി) | ഇതു സംബന്ധിച്ച നടപടി എടുത്ത ഉദ്യോഗസ്ഥരെ ഇപ്പോൾ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ; വ്യാജ റിപ്പോർട്ട് നൽകിയതു സംബന്ധിച്ച് വിജിലൻസ്അന്വേഷണമോ മറ്റ് ഡിപ്പാർട്ട്മെന്റൽ അന്വേഷണമോ നടത്തിയിട്ടുണ്ടോ;എങ്കിൽ എന്ത് അച്ചടക്ക നടപടിയാണ് ഇവർക്കെതിരെ എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ഡി) | ഈ വിഷയവുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്യപ്പെട്ടിരുന്ന മുൻ മല്ലപ്പള്ളി തഹസീൽദാർ ശ്രീ. കെ. പി. ശശിധരൻ നായരെ ടിയാന്റെ സസ്പെൻഷൻ 6 മാസം കഴിഞ്ഞതിനാൽ, റിവ്യൂ ചെയ്ത് അച്ചടക്ക നടപടികൾക്ക് വിഘാതമാകാത്ത വിധത്തിൽ സർവ്വീസിൽ തിരിച്ചെടുത്തു കൊണ്ട് 06/06/2011 ലെ ജി.ഒ. (ആർ. റ്റി) 2462/11/ആർ.ഡി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടിയാനെതിരെ KCS & (CCA) Rules പ്രകാരം കടുത്ത ശിക്ഷാ നടപടികൾ (Major Penalties) കൈക്കൊള്ളുന്നതിനുള്ള കുറ്റപത്രം നൽകിയിട്ടുണ്ട്. എം. കെ. മുരളീധരൻ ഉണ്ണിത്താനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിട്ടില്ല. മേൽപ്പടിയാനെതിരെ കഠിന ശിക്ഷയ്ക്ക് അച്ചടക്ക നടപടി സ്വീകരിക്കുകയും കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ഇവർ നൽകിയ തെറ്റായ റിപ്പോർട്ട് സർക്കാർ റദ്ദാക്കിയിട്ടുണ്ടോ; നടപടി സംബന്ധിച്ച് പ്രസ്തുത ഉദ്യോഗസ്ഥർ ഹൈക്കോടതിയെ സമീപിച്ചിരുന്നോ; ഇതു സംബന്ധിച്ച് ഹൈക്കോടതി ഉത്തരവിനു വിരുദ്ധമായി ഈ ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ ഉത്തരവിറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ; | (ഇ) | സർക്കാർ നിർദ്ദേശ പ്രകാരം അപേക്ഷ കക്ഷികളുടെ അവകാശവാദം നിരസിച്ച് 20/10/2010 ലെ സി1-2101/05 നമ്പർ നടപടി ക്രമം പ്രകാരം മല്ലപ്പള്ളി അഡീഷണൽ തഹസീൽദാർ ഉത്തരവായിട്ടുണ്ട്. സസ്പെൻഷൻ നടപടിക്കെതിരെ ഉദ്യോഗസ്ഥർ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുള്ളതും 4 മാസത്തിനുള്ളിൽ അച്ചടക്ക നടപടി പൂർത്തിയാക്കാൻ ബഹു. കോടതി ഉത്തരവായിട്ടുള്ളതുമാണ്. ശ്രീ. കെ. പി. ശശിധരൻ നായരെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | അധികാര ദുർവിനിയോഗം നടത്തിയ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (എഫ്) | പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ കഠിന ശിക്ഷയ്ക്ക് അച്ചടക്ക നടപടി സ്വീകരിക്കുകയും കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

Government of Kerala

Abstract

Revenue Department - Sri.K.P.Sasidharan Nair, former Deputy Collector (RR), Pathanamthitta - Revocation of suspension and Reinstatement into service - orders issued.

---

Revenue (D) Department

G.O.(Rt) No.**2462**/2011/RD Dated, Thiruvananthapuram, **6/6/2011**.

---

Read:- 1) G.O(Rt)No.4490/10/RD dated.16/9/10.
2) Representation dated.1/3/2011 submitted by Sri.K.P.Sasidharan Nair Deputy Collector u/s.

## ORDER

Government as per Go read as I[st] paper above have suspended Sri.K.P.Sasidharan Nair, Deputy Collector (RR), Pathanamthitta, from service, on the allegation that he while holding the post of Tahsildar, Malappally , filed a report to DC, Pathanamthitta, while helped some private individual to claim right over 80.69 acres of land in Sy.No.283/1 A, which was already declared as Reserve Forest.

Disciplinary action under KCS &CCA Rules has been initiated against him and is in progress. As per the representation read on 2nd paper above, Sri.Sasidharan Nair has requested to reinstate him in service.

Government have reviewed the suspension of Sri.K.Sasidharan Nair and decided to reinstate him in service without prejudice to the disciplinary proceedings initiated against him and ordered accordingly. The posting order of Sri.K.P.Sasidharan Nair, Deputy Collector will be issued separately.

By Order of the Governor
S.Deepa Devi
Joint Secretary.

To

1) Sri.K.P.Sasidharan Nair, Deputy Collector
Pathanamthitta.

2) The Commissioner Land Revenue,
Thiruvananthapuram.

3) The District Collector,
Pathanamthitta.

4) Revenue (C) Department.

5) The Principal Accountant General (Audit), Kerala,
Thiruvananthapuram.

6) The Accountant General (A&E), Kerala,
Thiruvananthapuram.

7) Stock File / Office Copy.

Forwarded/By Order
Sd/-
Section Officer

(True copy)

SO

Section Officer